മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

(01.10.2018 - 31.03.2019)

ജില്ല - കോഴിക്കോട്

ബ്ലോക്ക് - വടകര

ഗ്രാമപഞ്ചായത്ത്- ഒഞ്ചിയം

വാർഡ്-6(ഒഞ്ചിയം )

## ആമുഖം

ഗ്രാമീണ ജനതയുടെ ഉന്നമനത്തിനായി സ്വതന്ത്രഭാരതത്തിൽ ആവിഷ്കരിച്ച ഏറ്റവും സുപ്രധാനവും ശക്തവുമായ നിയമമാണ് മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. ഇന്ത്യയിലെ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി ഇന്ത്യൻ പാർലമെൻറ് അംഗീകരിച്ച്, പ്രസിഡൻറ് ഒപ്പുവച്ച 2005 സെപ്റ്റംബർ മാസം അഞ്ചാം തീയതി മുതൽ ഈ നിയമം നിലവിൽ വന്നു.

ഇന്ത്യയിലെ ഗ്രാമീണ ജനതയുടെ ഉന്നമനത്തിനായി നിരവധി ഗ്രാമവികസന പദ്ധതികൾ നടപ്പിലാക്കിയിരുന്നുവെങ്കിലും ഗുണഫലം ശരിയായവിധത്തിൽ ജനങ്ങളിൽ എത്താതിരുന്നതിനെ തുടർന്ന് പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പ്രാഥമിക ലക്ഷ്യം ഒരു ഗ്രാമീണ കുടുംബത്തിന് നിയമംവഴി ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ ഉറപ്പുനൽകുകയെന്നതാണ്. ഗ്രാമീണ ജനതയുടെ ഉന്നമനത്തിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുന്നതിനും അതിലൂടെ ദാരിദ്ര്യ നിർമാർജ്ജനവും സുസ്ഥിര വികസനവും ആണ് ഈ നിയമത്തിന്റെ പ്രാധാന ലക്ഷ്യം. ചൂഷണങ്ങളിൽ നിന്നും തൊഴിലാളികളെ മോചിപ്പിക്കുകയും മാന്യമായ വേതനം നൽകി അവരുടെ കുടുംബത്തിന് ക്രയ ശേഷി വർദ്ധിപ്പിച്ച് ദാരിദ്ര്യത്തിൽ നിന്നും കരകയറാൻ തൊഴിലുറപ്പുപദ്ധതിയിലൂടെ കഴിയുന്നു. പ്രകൃതിവിഭവ പരിപാലനത്തിലൂടെ ഓരോ പ്രദേശത്തിന്റെയും വിഭവാടിത്തറ ശക്തമാക്കുകയും, അതിലൂടെ വരൾച്ച, മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, വനനശീകരണം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിന്നും സംരക്ഷണം നൽകുകയും അതിലൂടെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും പദ്ധതി പ്രവർത്തനങ്ങളിൽകൂടി കഴിയുന്നു. പ്രകൃതിവിഭവ പരിപാലനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ജലസംരക്ഷണവും അതിൻറെ സുരക്ഷിതത്വവും ഇവ തൊഴിലുറപ്പ് പ്രവർത്തനങ്ങളിൽ ഉറപ്പ് വരുത്തുവാൻ കഴിയുന്നു.

2018-ൽ കേരളം ഏറ്റവും വലിയ പ്രളയദുരന്തം ഏറ്റുവാങ്ങിയ നാടാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പ്രളയം വളരെയധികം ദുരന്തങ്ങൾ ഉണ്ടാക്കിയിട്ടുള്ളതാണ്. അതേ കേരളം തന്നെയാണ് മാർച്ച് മാസത്തോടുകൂടി ശക്തമായ വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നത്. ഈ അവസരത്തിലാണ് എത്രയോ നൂറ്റാണ്ടുകളായി നാം നിർമ്മിച്ച കിണറുകൾ, കുളങ്ങൾ എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നത്. ജല സുരക്ഷയെ കുറിച്ച് ചിന്തിക്കുമ്പോൾ അതിനുവേണ്ട വലിയ സാങ്കേതിക വിദ്യയെ കുറിച്ചാണ് നാം ആദ്യം ചിന്തിക്കുക. തൊഴിലുറപ്പുപദ്ധതി നമുക്ക് പ്രധാനമായും കാണാൻ കഴിയുന്ന ഒരു വസ്തുതയാണ് മഴക്കുഴികൾ. ഇവയുടെ നിർമ്മാണ പ്രവൃത്തി കളിൽ തൊഴിലാളികൾ കൂടുതലായും ശ്രദ്ധ ചെലുത്തിയാൽ ഭൂഗർഭജലത്തെ അളവിനെ നമുക്ക് നല്ല രീതിയിൽ ഉയർത്തുവാൻ സാധിക്കുന്നു. പ്രധാനമായും മേൽപ്പറഞ്ഞ പ്രശ്നങ്ങൾ ജലസംരക്ഷണത്തിനും ജലസംഭരണത്തിന് കാര്യമായ രീതിയിൽ തന്നെ ബാധിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി തൊഴിലുറപ്പ് ബന്ധപ്പെടുത്തി കാർഷിക പദ്ധതികൾ ജനങ്ങളിലെത്തിക്കൽ, കാർഷികോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കൽ, തരിശുഭൂമികളിലും സ്വകാര്യ ഭൂമിയിലും പൊതുസ്ഥാപനങ്ങളിലും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കൽ, എന്നിവ നടത്തിവരുന്നു. പഞ്ചായത്തിലെ വിവിധ തോടുകളിൽ തടയണ നിർമ്മിക്കുകയും, കുളങ്ങൾ, പടുതാക്കുളം, നീർക്കുഴി, കയ്യാല നിർമാണം, കിണർ റീചാർജ്ജിങ് തുടങ്ങിയവഴി ജലസംരക്ഷണവും ഉറപ്പുവരുത്തുന്നു. ഇങ്ങനെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കളായ ജനങ്ങൾക്ക് തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്നതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നു.

നിയമമനുസരിച്ചുള്ള പദ്ധതി നിർവഹണത്തിലൂടെ ഗ്രാമീണമേഖലയുടെ സുസ്ഥിര ആസ്തി വികസനം എന്നതാണ് ലക്ഷ്യം വെക്കുന്നത്. 2005-ൽ പ്രാബല്യത്തിൽ വന്ന നിയമമനുസരിച്ച് ഇന്ത്യയിലെ 200 ജില്ലകളിൽ പ്രഥമഘട്ടത്തിൽ നടപ്പിലാക്കുകയും 2008-ൽ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. അതനുസരിച്ച് കോഴിക്കോട് ജില്ലയിലും പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുകയും ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.

## ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലയിൽ വടകര ബ്ലോക്കിൽഉൾപ്പെടുന്ന ഒഞ്ചിയം ഗ്രാമപഞ്ചായത്ത് നല്ല രീതിയിൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, JBDO, അക്രഡിറ്റഡ് എന്ജിനിയർ, അക്കൌണ്ടന്റ് & ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും പഞ്ചായത്ത് തലത്തിൽ സെക്രട്ടറി, അസി.സെക്രട്ടറി, അക്രഡിറ്റഡ് എന്ജിനിയർ, ഓവർസിയർ, അക്കൌണ്ടന്റ് & ഡാറ്റാ എന്ട്രി ഓപ്പറേറ്റർ എന്നിവരും അവരുടെ സേവനം ഈ പദ്ധതിക്ക് വേണ്ടി നല്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 30130തൊഴിൽ ദിനങ്ങൾ ഈ പദ്ധതിയിലൂടെ പഞ്ചായത്ത് സൃഷ്ട്ടിക്കുകയും ഒരു കുടുംബത്തിനു 100 തൊഴിൽ ദിനങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്.3916 തൊഴിൽ കാർഡ് ഉടമകൾ ഉണ്ടെങ്കിലും 1313തൊഴിലാളികളെ തൊഴിൽ ചെയ്യാറുള്ളു. . കഴിഞ്ഞ സാമ്പത്തിക വർഷം പുതുതായി 120 കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങളായി. 16 ആസ്തികൾ സൃഷ്ടിച്ച പ്രവർത്തികൾ കഴ്ഞ്ഞ സാബത്തിക വർഷം തൊഴിലുറപ്പിലുടെ ചെയ്തു.

| | |
|---|---|
| ജില്ല | കോഴിക്കോട് |
| ബ്ളോക്ക് | വടകര |
| വിസ്തീർണ്ണം | 8.33 ച.കി.മീ |
| വാർഡുകളുടെ എണ്ണം | 17 |
| ജനസംഖ്യ | 28650 |
| പുരുഷന്മാർ | 13224 |
| സ്ത്രീകൾ | 15246 |
| സ്ത്രീ : പുരുഷ അനുപാതം | 116.6:100 |
| പട്ടിക ജാതിക്കാർ | 393 |

## തൊഴിലുറപ്പ് സംബന്ധിച്ച വിവരങ്ങൾ

| വിവരങ്ങൾ | ജില്ലാതലം | ബ്ലോക്ക് തലം | പഞ്ചായത്ത് തലം |
|---|---|---|---|

| | | | |
|---|---|---|---|
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 83.05(ലക്ഷം) | 186891 | 30130 |
| കുടുംബങ്ങൾക്ക് നൽകിയിരിക്കുന്ന ശരാശരി തൊഴിൽ ദിനങ്ങൾ (ലക്ഷം) | 57.58 | 34.3 | 22.95 |
| 100 ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾ | 38300 | 246 | 1 |
| ആകെ തൊഴിലെടുത്ത കുടുംബങ്ങൾ | 1.44(ലക്ഷം) | 6071 | 1313 |
| ആകെ തൊഴിലെടുത്ത തൊഴിലാളികൾ | 1.6(ലക്ഷം) | 6419 | 1364 |
| ആകെ തൊഴിൽ ദിനങ്ങൾ എസ് സി. തൊഴിലാളികൾക്ക് | 9980 | 4054 | 507 |

## മുഖ്യ ലക്ഷ്യങ്ങൾ

- അവിദഗ്ദ്ധ-കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം, ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉല്പാദനക്ഷമവുമായ ആസ്ഥികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.
- ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.
- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.
- പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## സവിശേഷതകൾ

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ്പൂർത്തിയായ എതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം.
- സ്ത്രീക്കും പുരുഷനും തുല്യ വേതനം.
- പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൌകര്യ വികസനം എന്നിവയ്ക്കു മുൻഗണന.
- തൊഴിലാളികൾ തന്നെ പ്രവൃത്തികൾ കണ്ടെത്തുക ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാനും അവസരം
- ആസൂത്രണത്തിലും, നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്.
- ബാങ്ക്/പോസ്റ്റ് വഴി മാത്രം വേതന വിതരണം.
- സ്ത്രീകൾക്ക് മുൻഗണന.
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം.

- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു.(സോഷ്യൽ ഓഡിറ്റ് സംവിധാനം)
- പരാതിപരിഹാര സംവിധാനം

## തൊഴിലാളികളുടെ കടമകൾ

1. കൃത്യസമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി ഒപ്പ് വയ്ക്കുക.
2. തൊഴിലുറപ്പ് ഗ്രാമസഭയ്ക്ക് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയും കൃത്യമായി പങ്കെടുക്കുക
3. പണിസ്ഥലത്ത് പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുവാനോ കത്തിക്കുവാനും പാടുള്ളതല്ല
4. സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് പ്രവൃത്തി യുടെ ആരംഭഘട്ടത്തിൽ തന്നെ നിർബന്ധമായും വയ്ക്കേണ്ടതാണ്
5. പ്രകൃതി സംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തി കൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
6. ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ  കണ്ടെത്തി മേറ്റ്നെയും പഞ്ചായത്ത് അധികൃതരെയും  അറിയിക്കുക.

## സോഷ്യൽ ഓഡിറ്റ് പ്രക്രിയ

### 1 പശ്ചാത്തലം ഒരുക്കൽ

ബ്ലോക്ക് തലത്തിലും ഗ്രാമ പഞ്ചായത്ത് തലത്തിലും പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് ഓഫീസർ (BDO), പഞ്ചായത്ത് സെക്രട്ടറി, മറ്റ് നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞതിനനുസരിച്ച് തുടർ പ്രക്രിയകൾ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു.

### 2. ഫയൽ പരിശോധന

സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചിരിക്കുന്ന തിയതിയ്ക്ക് മുൻപുള്ള ആറ് മാസക്കാലയളവിൽ വാർഡിലെ പ്രവൃത്തി ഫയലുകൾ, ഏഴ് രജിസ്റ്ററുകൾ, അതോടൊപ്പം അനുബന്ധരേഖകളും സൂക്ഷ്മപരിശോധന നടത്തുന്നു.

### 3. പ്രവൃത്തി സ്ഥലപരിശോധന

ഓരോ പ്രവൃത്തി യും എസ്റ്റിമേറ്റിൽ പ്രതിപാദിക്കുന്ന അളവിലും ഗുണത്തിലും നടപ്പിലാക്കിയിട്ടുണ്ടോ എന്നും ആ പ്രവൃത്തിയുടെ ഗുണ ഫലത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്തുകയും പ്രസ്തുത തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് ലഭിക്കേണ്ട അവകാശ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ എന്നും  പ്രവൃത്തി സ്ഥല പരിശോധനയിലൂടെ ലക്ഷ്യം വെക്കുന്നു.

### 4. വീടുവീടാന്തരം ഉള്ള വിവരശേഖരണം

പദ്ധതി ഗുണഭോക്താക്കളുടെ വീടുവീടാന്തരം ചെന്ന് നേരിൽ കണ്ട് പദ്ധതിയുടെ നിർവഹണത്തെക്കുറിച്ചും ഗുണ ഫലത്തെക്കുറിച്ചുമുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നു.

### 5. തെളിവ് ശേഖരണം

ഫയൽ പരിശോധന, പ്രവൃത്തി സ്ഥല പരിശോധന, വീടുവീടാന്തരം ഉള്ള വിവരശേഖരണം തുടങ്ങിയ ഓഡിറ്റ് പ്രക്രിയ കണ്ടെത്തലുകളുടെ വസ്തുനിഷ്ഠമായ തെളിവ് ശേഖരണം നടത്തുന്നു.

### 6. സാമൂഹ്യ  ബോധവൽക്കരണം

സാമൂഹ്യ ഇടപെടലുകളിലൂടെ പദ്ധതി വിജയം ഉറപ്പു വരുത്തി പൗരാവബോധം ഉയർത്തുകയും സോഷ്യൽ ഓഡിറ്റ് പ്രക്രിയ വിജയിപ്പിക്കുകയും ചെയ്യുന്നതിന്

ആവശ്യമായ ബോധവൽക്കരണം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

**7. റിപ്പോർട്ട് തയ്യാറാക്കൽ**

സോഷ്യൽ ഓഡിറ്റ് പ്രക്രിയയിലെ കണ്ടെത്തലുകളും നിഗമനങ്ങളും, നിർദ്ദേശങ്ങളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ചർച്ച ചെയ്ത് അംഗീകാരം നടത്തുന്നതിനാവശ്യമായ കരട് റിപ്പോർട്ട് തയ്യാറാക്കുന്നു.

**8. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ**

പശ്ചാത്തലം ഒരുക്കൽ ചർച്ചയിൽ നിശ്ചയിക്കപ്പെട്ട ദിനത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഗ്രാമസഭ ചേർന്ന് കരട് റിപ്പോർട്ട് അവതരണവും, ചർച്ചയും, നിർദ്ദേശങ്ങളും, തിരുത്തൽ പ്രക്രിയകളും, അംഗീകാരം നേടിയെടുക്കുകയും തുടർനടപടികളും കൈകൊള്ളുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് വേണ്ട ആനുകൂല്യങ്ങളെ കുറിച്ചും അതുമായി ബന്ധപ്പെട്ട ആവശ്യകതയെക്കുറിച്ചും നിയമത്തിന്റെ ആമുഖത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. തൊഴിലാളികളുടെയും അവരുടെ ആനുകൂല്യങ്ങളുടേയും കുറിച്ച് ഒരു തനതായ വിശദീകരണം ഈ റിപ്പോർട്ട് മുഖാന്തരം തൊഴിലാളികളായ നിങ്ങളിലേക്ക് എത്തിക്കുവാൻ സാധിക്കും. ഈ റിപ്പോർട്ട് അടിസ്ഥാനത്തിൽ നിങ്ങൾക്ക് പ്രാപ്തമാക്കാൻ കഴിയുന്ന ഒട്ടനവധി വസ്തുതാപരമായ കാര്യങ്ങൾ കൈവരിക്കാൻ നിങ്ങൾക്ക് ഏവർക്കും കഴിയട്ടെ.

**തൊഴിലുറപ്പ് നിയമം തൊഴിലാളികൾക്ക് ഉറപ്പ് നൽകുന്ന പത്ത് അവകാശങ്ങൾ**

1. തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം- ഷെഡ്യൂൾ 2; ഖണ്ഡിക 1-5, എ.എം. സി. അദ്ധ്യായം-3
2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് രസീത് ലഭിക്കുന്നതിനും ഉള്ള അവകാശം- ഷെഡ്യൂൾ 1; ഖണ്ഡിക 8, ഷെഡ്യൂൾ 2; ഖണ്ഡിക 6-13
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം ആദ്യത്തെ 30 ദിവസം (1/4 & പിന്നീടുള്ള ദിവസങ്ങളിൽ 1/2)
4. ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാനുള്ള അവകാശം
5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന്റെ 10% അധികം ലഭിക്കുവാനുള്ള അവകാശം
6. കുടിവെള്ളം, വിശ്രമ സൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം ഷെഡ്യൂൾ 2; ഖണ്ഡിക 23-28
7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം
8. വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം
9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

അവകാശങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളികളിൽ നിന്നും ചോദിച്ചറിഞ്ഞ വിവരങ്ങൾ.

**തൊഴിൽ കാർഡ്**

സജീവ തൊഴിലാളികള്ക്കെല്ലാം തന്നെ പുതിയ തൊഴിൽ കാർഡ് ന ല്കിയിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് റിസോഴ്സ്പേഴ്സൺസന്ദർശിച്ച തൊഴിലാളികളിൽനിന്നും

അറിയാൻ സാധിച്ചത്,തൊഴിലുറപ്പ് പദ്ധതി തുടങ്ങുന്ന സമയത്ത് തൊഴിൽ കാർഡിലേക്ക് ആവശ്യമായ ഫോട്ടോ പഞ്ചായത്ത് മുഖേന എടുത്തു നൽകിയിട്ടുണ്ട്. എന്നാൽ തൊഴിൽ കാർഡ് പുതുക്കുന്ന സമയത്തൊഴിൽ കാർഡിലേക്ക് ആവശ്യമായ ഫോട്ടോ സ്വന്തമായി പൈസ ചെലവഴച്ചാണ് എടുക്കാറുള്ളത്. തൊഴിൽ കാർഡിനാവശ്യമായ ഫോട്ടോ പഞ്ചായത്ത് തന്നെ എടുത്ത് നൽകേണ്ടതാണ്.

**തൊഴിൽ അപേക്ഷ**

പൊതു പ്രവൃത്തികള്ക്കായി തൊഴിലാളികൾ വ്യക്തിപരമായി അപേക്ഷ നലകാറില്ലെന്ന് തൊ ഴിലാളികളിൽ നിന്നും മനസിലായി.തൊഴിലാളികൾ പഞ്ചായത്തിൽ നേരിട്ട് അപേക്ഷ നൽകാറില്ല. തൊഴിലിന് അപേക്ഷിച്ചിരുന്നത് മേറ്റ് ആണ്. എന്നാൽ കൈപറ്റ് രസീത് ലഭിക്കാറില്ല.

തൊഴിലിനപേക്ഷിച്ച് 15 ദിവസത്തിനുലള്ളിൽ തൊഴിൽ ലഭിക്കാത്ത സാഹചര്യം ഉണ്ടാവാറുണ്ടെങ്കിലും തൊഴിലില്ലായ്മ വേതനം ഇതുവരെ നല്കിയതായി രേഖകളിൽ കണ്ടില്ല.തൊഴിൽ ഇല്ലായ്മ വേതനത്തെ പറ്റി തൊഴിലാളികൾക്കു അറിവില്ല.

, **കൂലി/നഷ്ട പരിഹാരം**

തൊഴിലുറപ്പ് നിയമ പ്രകാരം പ്രവൃത്തി കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കേണ്ട അവകാശം തൊഴിലാളികൾക്ക് ഉണ്ട്. ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികളുടെ വേതനം തൊഴിലാളികള്ക്ക് ലഭ്യമായിട്ടുള്ളതായി ഫീല്ഡ് പരിശോധനയിൽ മനസിലാക്കുവാൻ സാധിച്ചു എങ്കിലും പ്രവൃത്തി കഴിഞ്ഞ് 15 ദിവസം പിന്നിട്ടതിനു ശേഷമാണ് വേതനം തൊഴിലാളികള്ക്ക് ലഭിച്ചിട്ടുള്ളത്. ഈ തവണ ചെയ്ത വർക്ക് കോഡ് WC/340334 ഖണ്ടിക 5 ൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെയും ചെറുകിട നാമമാത്ര കർഷകരുടെ ഭൂമികളിൽ മണ്ണ്ജലസംരക്ഷണ പ്രവർത്തിയുടെ വേതനം ഇതുവരെ ലഭ്യമായട്ടില്ല. 15 ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ലെങ്കിൽ തൊഴിലാളികള്ക്ക് നഷ്ട്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം ഉണ്ട്. തൊഴിലുറപ്പ് നിയമം സെക്ഷൻ 3(2),6 ഷെഡ്യൂൾ 2(29),a,b,c,d,e,f,30 പ്രകാരം പണി കഴിഞ്ഞ് 15ദിവസത്തിനുള്ളിൽ കൂലി ലഭ്യമാക്കേണ്ടതാണ്.16ആം ദിവസം മുതൽ വൈകുന്ന ഓരോ ദിവസവും 0.05% നഷ്ട പരിഹാരം ലഭിക്കുമെന്ന കാര്യത്തെ പറ്റി തൊഴിലാളികൾക്കു അറിവില്ല. കൂലി വൈകിയതിനുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. തൊഴിലാളികൾക്ക് 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ചെയ്തിട്ടുണ്ട് ഇത് പ്രശംസനീയമാണ്.

**തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ**

കുടിയ്ക്കുവാനുള്ള വെള്ളം, വിശ്രമ സൗകര്യം, പ്രഥമശുശ്രൂഷാ സൗകര്യം, ക്രഷ് എന്നിവ തൊഴിൽ സ്ഥലത്ത് ലഭ്യമാക്കണമെന്ന് തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 2 para 23-28, കേന്ദ്ര വാർഷിക മാസ്റ്റർ സർക്കുലർ 8, 8.2 അനുശാസിക്കുന്നുണ്ട്. തൊഴിലാളികളുമായി നേരിട്ട് നടത്തിയ സംഭാഷണത്തിനിടയിൽ പ്രവൃത്തിസ്ഥലങ്ങളിൽതണൽ സൌകര്യം ലഭ്യമല്ല എന്ന് മനസിലായി. വിശ്രമത്തിന് ആവശ്യമായ ടാർ പോളിന് ഷീറ്റ് മുൻപ് ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ നിലവിൽ ഇല്ല. കുടിവെള്ള പാത്രവും ഫസ്റ്റ് എയ്ഡ് ബോക്സ് സൗകര്യവും ലഭിക്കാറുണ്ട്.

**ഷെല്ഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാനുള്ള അവകാശം**

ഷെല്ഫ് ഓഫ് പ്രോജെക്റ്റിൽ തൊഴിലാളികളുടെ പങ്കാളിത്തം ഉണ്ടാകാറുണ്ട് ഷെൽഫ് ഓഫ് പ്രൊജക്റ്റ്, ആക്ഷൻ പ്ലാൻ തയ്യാറാക്കൽ എന്നിവക്കുള്ള

ഗ്രാമസഭകൾ വാർഡ്തലത്തിൽ ചേരാറുണ്ട് . ഇത്തരം മീറ്റിംഗുകൾ, ഗ്രാമസഭകൾ എന്നിവ വാർഡ് തലത്തിൽ തന്നെ ചേരേണ്ടതാണ്.

**5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശം**

തൊഴിലുറപ്പ്നിയമം ഷെഡ്യൂൾ 2 para 18, കേന്ദ്രവാർഷിക സർക്കുലർ ചാപ്റ്റർ 17 എന്നിവയിൽ തൊഴിലാളികൾക്ക് 5 കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭ്യമാകണം എന്ന് അനുശാസിക്കുന്നു. വാർഡിലെ മുഴുവൻ തൊഴിലാളികൾക്കും 5 കിലോമീറ്ററിനുള്ളിൽ തന്നെ തൊഴിൽ ലഭിക്കുന്നുണ്ടെന്ന് തൊഴിലാളികളിൽ നിന്ന് അറിയുവാൻ സാധിച്ചു.

**സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം**

തൊഴിലാളികൾക്ക് പലവിധ പരാതികൾ ഉണ്ടെങ്കിലും ഇത് വരെ യതൊരു പരാതിയും രേഖാമൂലം പഞ്ചായത്തിന് നൽകിയിട്ടില്ല. പരാതികൾ മേറ്റിനെ അറിയിക്കുക മാത്രമാണ് ചെയ്യാറ്.

**സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം**

തൊഴിലുറപ്പ്നിയമം സെക്ഷൻ 17(2) സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം നൽകുന്നു. പ്രസ്തുത വാർഡിൽ ഓഡിറ്റ് നടത്തുന്നതിനായി പ്രത്യേക കമ്മിറ്റി നിലവിലുണ്ടെന്ന് ഫീൽഡ് പരിശോധനയിൽ മനസ്സിലായി. എന്നാൽ സോഷ്യൽ ഓഡിറ്റിനെ പറ്റി തൊഴിലാളികൾക്കു അറിവില്ല.

**പ്രവൃത്തി വിശദാംശങ്ങൾ വാർഡ്-6. ഒഞ്ചിയം**

ഒഞ്ചിയം പഞ്ചായത്ത് വാർഡ് 6 (ഒഞ്ചിയം )ലെ 01.10.2018 മുതൽ 31.03.2019 വരെയുള്ള 5 പ്രവൃത്തി ഫയലുകളാണ് സോഷ്യൽ ഓഡിറ്റിനു വേണ്ടി തിരഞ്ഞെടുത്തത്. ഈ കാലയളവിൽ നടത്തിയ പ്രവൃത്തിക്കായി 1292 അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. അവിദഗ്ദ്ധ വേതന ഇനത്തിൽ369024/- രൂപയും പ്രവൃത്തിക്ക് വേണ്ടി ചിലവഴിച്ചിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

**1604012004/IC/214804 അഴിയൂർ ബ്രാഞ്ച് കനാൽ നവീകരണം**

ഈ പ്രവർത്തിക്കു വേണ്ടി 870 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. ഇതിനായി 243120 രൂപ ആകെ ചിലവായി. ഈ പ്രവർത്തിയുടെ ബോർഡ് പ്രവർത്തി ചെയ്ത സ്ഥലത്ത് ഉണ്ടായിരുന്നു. കനാലിലെ ഇരുവശത്തുമുള്ള കാടുവെട്ടിത്തെളിച്ച് മണ്ണ് എടുത്തുമാറ്റി ജലസേചനത്തിന്അനുയോജ്യമാക്കുന്ന രീതിയിലാണ് ഇതിൻറെ പ്രവർത്തി നടത്തുന്നത്. 1000മീറ്റർ നീളത്തിലും 1.40 വീതിയിലുമാണ് പ്രവർത്തി നടത്തിയത് എന്നാൽ ഇപ്പോൾ കനാൽ മുഴുവനായി കാടുപിടിച്ച് കിടക്കുകയാണ് അതുകൊണ്ടുതന്നെ 540 മീറ്റർ മാത്രമേ അളന്ന് തിട്ടപ്പെടുത്തുവാൻ സാധിച്ചുള്ളൂ. ഈ പ്രവർത്തി എല്ലാ വർഷവും നടത്തി വരുന്നു എന്നാൽ വർഷങ്ങളായി കനാൽ ജലസേചനത്തിന് ഉപയോഗിക്കാൻ കഴിയാറില്ല മുൻകാലങ്ങളിൽ ഈ കനാൽ വേനൽക്കാലത്ത് പ്രദേശവാസികൾക്ക് ഒരു ആശ്വാസം ആയിരുന്നു എന്നാൽ ഇപ്പോൾ ആർക്കും ഇതിൻറെ ഗുണം ലഭിക്കാറില്ല. അതുകൊണ്ടുതന്നെ സർക്കാറിന് ഈ പ്രവർത്തിയിലൂടെ നഷ്ടമാണ് സംഭവിച്ചത്. എന്നാൽ കനാൽ നവീകരണം നടക്കാതിരുന്നാൽ കനാൽ പൂർണമായും കാടു പിടിക്കുകയും മാലിന്യക്കൂമ്പാരം ആവുകയും ചെയ്യുന്നു കൂടാതെ കനാലിന്റെ സമീപത്ത് കൂടെ ഉള്ള പൊതുവഴികൾ കാടു പിടിക്കുന്നു. ഈ പ്രവർത്തി ചെയ്യുമ്പോൾ തൊഴിലാളികൾക്ക് കൈയുറ കാലുറ എന്നിവ ലഭിച്ചിട്ടില്ല. താഴ്ച ഏറിയ ഭാഗങ്ങളിലെ കാടുവെട്ടലും മണ്ണെടുക്കലും പ്രയാസകരമാണ് എന്ന് പരിശോധനയിൽ മനസ്സിലായി.

* **1604012004 /IF/ 335257 ചാപ്പയിൽ കുളം നിർമ്മാണം**

ചാപ്പയിൽ കുളം നിർമ്മാണ പ്രവർത്തിക്ക് വേണ്ടി 148 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു പ്രവർത്തിയുടെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥല ഉടമയായ പാറയുള്ള പറമ്പത്ത് ലീലയുടെ പറമ്പിൽ സ്ഥാപിച്ചിട്ടുണ്ട്. 60 വയസ്സിനു മുകളിൽ പ്രായമുള്ള 10 പേർ ഈ പ്രവർത്തിയിൽ പങ്കാളിയായി. പ്രവർത്തി ചെയ്യുമ്പോൾ വർക്ക് സൈറ്റ് ഫെസിലിറ്റി ആയ ഷീറ്റ് ലഭിച്ചിരുന്നില്ല. കാർഷിക ആവശ്യത്തിനുവേണ്ടി ഉപയോഗിക്കാനാണ് ഈ കുളം നിർമ്മിച്ചത്. 9 മീറ്റർ നീളവും 6 മീറ്റർ വീതിയും അളന്ന് രേഖപ്പെടുത്തി നിലവിൽ ഈ കുളത്തിൽ വെള്ളം നിലനിൽക്കുന്നുണ്ട് എന്നാൽ സംരക്ഷണഭിത്തിയായി ചാക്കിൽ മണ്ണ് നിറച്ച് കെട്ടിയത് മഴയിൽ നശിച്ചു പോയിട്ടുണ്ട് എന്നിരുന്നാലും ജലസേചനത്തിന് ഈ കുളം ഉപകാരപ്രദമാണ്. ഈ പ്രവൃത്തിക്ക് വേണ്ടി 46768 രൂപ ആകെ ചിലവായി.

ഫീൽഡ് പരിശോധനയിലൂടെ ഈ കുളം അടുത്തുള്ള വീട്ടുകാർക്കും മറ്റുള്ളവർക്കും കൃഷി ആവശ്യങ്ങൾക്കും ജലസേചനത്തിനും ഉപകാരപ്രദം ആണെന്ന് മനസ്സിലായി. കുളം നിർമ്മാണ പ്രവർത്തി യെപ്പറ്റി തൊഴിലാളികൾക്ക് അറിവില്ലായിരുന്നു ഓവർസിയരുട പിന്തുണയോടെയാണ് തൊഴിലാളികൾ ചാപ്പയിൽ കുളം നിർമ്മാണം നല്ല രീതിയിൽ ചെയ്തതെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

*** 1604012004/IF/344232-സർക്കാർ ധനസഹായം ലഭിക്കുന്ന കുടുംബങ്ങളുടെ ഭവനനിർമ്മാണ പ്രവർത്തികൾ 2018 -2019 (ഫാത്തിമ പുതിയോട്ടും കണ്ടി )**

ഒഞ്ചിയം പഞ്ചായത്തിലെ 2018- 19 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതി ഗുണഭോക്താവായ ഫാത്തിമ പുതിയൊടുക്കണ്ടി എന്നവർക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി (തൊഴിൽ കാർഡ് നമ്പർ 05/182)വീടിൻറെ തറ, ഭിത്തി, മേൽക്കൂര, എന്നിവയുടെ പണിപൂർത്തീകരിച്ചതായി മനസ്സിലായി. നാല് ഘട്ടമായാണ് ഈ പ്രവർത്തി പൂർത്തീകരിക്കുന്നത്. തറ നിർമ്മാണത്തിന് 28 ദിവസം ലിന്റൽ വരെയുള്ള പ്രവർത്തിക്കു 24 തൊഴിൽദിനം റൂഫിങ്ങിന് വേണ്ടി 10 തൊഴിൽദിനം ഫിനിഷിങ്ങിന് വേണ്ടി 28 തൊഴിൽദിനങ്ങൾ എന്നിങ്ങനെ മൊത്തം 90 തൊഴിൽ ദിനങ്ങൾക്ക് 24300 രൂപ ഗുണഭോക്താവിന് ലഭിച്ചിട്ടുണ്ടെന്ന് മനസ്സിലായി.എന്നാൽ ഈ പ്രവർത്തിക്ക് 62 ദിവസത്തെ വേതന മാത്രമാണ് ഓഡിറ്റിംഗ് കാലയളവിൽ ലഭിച്ചിട്ടുള്ളത് ബാക്കിവരുന്ന 28 ദിവസത്തെ വേതനം 2019-20 സാമ്പത്തിക

വർഷത്തിൽ ആണ് ലഭിച്ചത്. ഈ പ്രവർത്തിക്ക് വി ഇ ഒ ആണ് ഫണ്ട് അനുമതി നൽകുന്നത്.

*** 1604012004/IF/344230-സർക്കാർ ധനസഹായം ലഭിക്കുന്ന കുടുംബങ്ങളുടെ ഭവനനിർമ്മാണ പ്രവർത്തികൾ 2018-2019(ബാബു കൂവൽക്കണ്ടി )**

ഒഞ്ചിയം പഞ്ചായത്തിലെ 2018- 19 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതി ഗുണഭോക്താവായ ബാബു കൂവൽക്കണ്ടി എന്നവർക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി (തൊഴിൽ കാർഡ് നമ്പർ 06/168)വീടിൻറെ തറ, ഭിത്തി, മേൽക്കൂര, എന്നിവയുടെ പണിപൂർത്തീകരിച്ചതായി മനസ്സിലായി. നാല് ഘട്ടമായാണ് ഈ പ്രവർത്തി പൂർത്തീകരിക്കുന്നത്. തറ നിർമ്മാണത്തിന് 28 ദിവസം ലിന്റൽ വരെയുള്ള പ്രവർത്തിക്കു 24 തൊഴിൽദിനം റൂഫിങ്ങിന് വേണ്ടി 10 തൊഴിൽദിനം ഫിനിഷിങ്ങിന് വേണ്ടി 28 തൊഴിൽദിനങ്ങൾ എന്നിങ്ങനെ മൊത്തം 90 തൊഴിൽ ദിനങ്ങൾക്ക് 24300 രൂപ ഗുണഭോക്താവിന്

ലഭിച്ചിട്ടുണ്ടെന്ന് മനസ്സിലായി.എന്നാൽ ഈ പ്രവർത്തിക്ക് 62 ദിവസത്തെ വേതന മാത്രമാണ് ഓഡിറ്റിംഗ് കാലയളവിൽ ലഭിച്ചിട്ടുള്ളത് ബാക്കിവരുന്ന തുക 2019-20 സാമ്പത്തിക വർഷത്തിൽ ആണ് ലഭിച്ചത്. ഈ പ്രവർത്തിക്ക് വി ഇ ഒ ആണ് ഫണ്ട് അനുമതി നൽകുന്നത്

* **1604012004 /RS/ 293574 കമ്പോസ്റ്റ് കുഴി & സോക്കേജ് പിറ്റ് നിർമ്മാണം**

22 വീടുകളിലാണ് ഈ പ്രവർത്തി ചെയ്തത്. മൂന്ന് നടേപ്പ് കമ്പോസ്റ്റും 104 സാധാരണ കമ്പോസ്റ്റ് കുഴികളും ആണ് ഈ പ്രവൃത്തിയിലൂടെ നിർമ്മിച്ചത്. 2.40 നീളത്തിലും 1.20 വീതിയിലുമാണ് നടേപ്പ് കമ്പോസ്റ്റുകൾ നിർമ്മിച്ചിട്ടുള്ളത് അത് കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിച്ചു. മെറ്റീരിയൽ വർക്ക് ആയ നടേപ്പ് കമ്പോസ്റ്റ് വളരെ ഉപകാരപ്രദം ആണെന്നും കൂടാതെ വളം ഉണ്ടാകാൻ സാധാരണ കമ്പോസ്റ്റ് നേക്കാൾ ഗുണകരം ഇതാണെന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു 104 സാധരണ കമ്പോസ്റ്റ് കുഴികളുമാണ് ഈ പ്രവർത്തിയിലൂടെ നിർമ്മിച്ചത്. അതിൽ 1 4 എണ്ണത്തിൽ വാഴ, തൈ എന്നിവ കുഴിച്ചിട്ടതായും 25 എണ്ണം മൂടിയ തായും 27 എണ്ണത്തിൽ വേസ്റ്റ് കൊണ്ട് നിറഞ്ഞതായി 38 എണ്ണം ഭാഗികമായി നിലനിൽക്കുന്നതായും ഫീൽഡ് പരിശോധനയിൽ വ്യക്തമായി. ഒരു മീറ്റർ നീളത്തിലും ഒരു മീറ്റർ വീതിയിലും ഒരു മീറ്റർ ആഴത്തിലും ആണ് ഈ പ്രവർത്തി ചെയ്തതെങ്കിലും ഇപ്പോൾ നിലവിലുള്ള കമ്പോസ്റ്റ് കുഴികളിൽ മഴയിൽ മണ്ണിടിഞ്ഞത് കാരണം അളവിൽ മാറ്റം ഉണ്ട്. ഈ വാർഡിലെ ഉയർന്ന പ്രദേശത്തുള്ളവർ കമ്പോസ്റ്റ് കുഴിയെ മഴക്കുഴിയായും ഉപയോഗിച്ചെന്ന് പറയുകയുണ്ടായി.മെറ്റീരിയൽ വർക്ക് ആയ നടേപ്പ് കമ്പോസ്റ്റ് സോളാർ കുമ്മൽ കുനിയിൽ ൽ രജനി, പുത്തൻപുരയിൽ ഹരീന്ദ്രനാഥ്, കൂവൽ കുനിയിൽ രാജൻ എന്നിവരുടെ വീടുകളിൽ കാണാൻ സാധിച്ചു പ്രവൃത്തിയുടെ ബോർഡ് സോളാർ കുമ്മൽ കുനിയിൽ രജനിയുടെ വീട്ടുപറമ്പിൽ കാണാൻ സാധിച്ചു.ഈ പ്രവർത്തിക്കു വേണ്ടി 30536രൂപ ചിലവായി. 94 തൊഴിൽ ദിനങ്ങൾ ഈ പ്രവൃത്തിയിലൂടെ സൃഷ്ടിച്ചു. അതിൽ എട്ട് സെമി സ്കിൽഡ് തൊഴിൽ ദിനങ്ങൾ ആയിരുന്നു സെമി സ്കിൽഡ് തൊഴിലാളികൾക്ക് ദിവസവേതനം ആയി 850 രൂപയാണ് നൽകിയത്.

**പരാതികൾ**

* 100 തൊഴിൽദിനം ലഭിക്കാറില്ല

* അഴിയൂർ ബ്രാഞ്ച് കനാൽ പ്രവർത്തിയിൽ തൊഴിൽദിനങ്ങൾ കുറവാണ്.

* വൃത്തിയാക്കൽ നടപടികളിൽ കൈയ്യുറ കാലുറ എന്നിവ ലഭിക്കാറില്ല

* വേതന ലഭ്യതയിലെ കാലതാമസം 15 ദിവസത്തിനുള്ളിൽ കൂലി ലഭിക്കാറില്ല.

* ജോലി സമയത്തിൻറെ ദൈർഘ്യം കുറയ്ക്കാൻ നടപടികൾ ഉണ്ടാവണം

* കുടിവെള്ള സൗകര്യം ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ ലഭിക്കാറുണ്ട് എങ്കിലും ഷെൽട്ടർ സൗകര്യം ലഭ്യമല്ല

* കനാലിലെ ഉയർന്ന ഭാഗങ്ങളിലെ കാട് വെട്ടൽ അപകടം പിടിച്ചതാണ് പ്രയാസ കരമായ ഇത്തരം

പ്രവർത്തികൾക്ക് തൊഴിൽദിനങ്ങൾ വർധിപ്പിക്കണം

* കൂലി വർധിപ്പിക്കണം

* പൊതുവഴികൾ വൃത്തിയാക്കാനുള്ള ജോലികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണം.

* താഴെക്കുറ്റി കരുവാരക്കൽ തോട് നവീകരണ പ്രവർത്തി തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ചു

തരണം

* ആറാം വാർഡിലെ തുടക്കം റെയിലിന് കിഴക്കുഭാഗത്തുള്ള ഓടകൾ വൃത്തിയാക്കാനുള്ള പ്രവർത്തി

തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തണം അല്ലാത്തപക്ഷം മഴക്കാലത്ത് പ്രദേശവാസികൾ

ദുരിതത്തിലാക്കും

* മുൻവർഷങ്ങളിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച രസീത(6/71), ശോഭ, ശാരദ( 6/ 4 1),

പുഷ്പ ബാലകൃഷ്ണൻ, സൗമിനി, വസന്ത (6 /8) എന്നിവർക്ക് ആയിരം രൂപ ലഭിച്ചിട്ടില്ല.

*മേറ്റ് സ്വന്തം കയ്യിൽ നിന്ന് പൈസ എടുത്ത് ഫസ്റ്റ് എയ്ഡ് ബോക്സ് വാങ്ങുകയും അതിൻറെ പൈസ ഇതുവരെ എക്കൗണ്ടിലേക്ക് വന്നിട്ടില്ല.

## ഫയൽ പരിശോധന വിവരങ്ങൾ

### 1. കവർപേജ്

പ്രവർത്തിയുമായി ബന്ധപ്പെട്ട പൊതുവിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖയാണ് കവർപേജ്. പരിശോധിച്ച പ്രവൃത്തി ഫയലുകളിൽ വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർ പേജ് കാണാൻ സാധിച്ചില്ല.എന്നാൽ പ്രാദേശിക കവർ പേജ് കാണാൻ സാധിച്ചു. വാർഷിക മാസ്റ്റർ സർക്കുലർ മാതൃക പ്രകാരം കവർപേജുകൾ സൂക്ഷിക്കേണ്ടതുണ്ട്

### ചെക്ക് ലിസ്റ്റ്

ഒരു പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏത് പേജ് മുതൽ സൂക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച ഫയലകളിൽ ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചില്ല.

### ആക്ഷൻ പ്ലാൻ കോപ്പി

പ്രസ്തുത പ്രവൃത്തി പഞ്ചായത്തിലെ നടപ്പു വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുവാനുള്ള രേഖയാണ് ആക്ഷൻ പ്ലാൻന്റെ കോപ്പി. പരിശോധിച്ച പ്രവൃത്തി ഫയലുകളിൽ ആക്ഷൻ പ്ലാനിന്റെ കോപ്പി കാണുവാൻ സാധിച്ചില്ല.

### എസ്റ്റിമേറ്റ്

ഒരു പ്രവൃത്തി എങ്ങനെ, എത്ര അളവിൽ ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ്. പരിശോധന ഭാഗമായി കണ്ടെത്തിയിട്ടുള്ളത്.

പ്രവൃത്തി ഫയലുകളിൽ എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടുണ്ട്. സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ ജനകീയ ഭാഷയിൽ വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ. എന്നാൽ പരിശോധിച്ച ഫയലിൽ ജനകീയ എസ്റ്റിമേറ്റ് കാണുവാൻ സാധിച്ചില്ല. പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലെയും വിശദവിവരങ്ങൾ എസ്റ്റിമേറ്റിൽ പ്രതിപാദിച്ചിട്ടുണ്ട് എന്നത് പ്രശംസനീയമാണ്.പരിശോധനയുടെ പരിശോധനയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ളത് എല്ലാ പ്രവർത്തി ഫയലുകളിലും എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടുണ്ട്. IC/ 214804 എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് (246000 ), IF/335257 എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ്( 63000 ), RS/293574 എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് (75000), IF/ 344232 എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് (24390), IF/344230 എന്ന പ്രവർത്തിയുടെ (24390) ആണെന്ന് പരിശോധന കാണാൻ സാധിച്ചു. സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന രീതി ജനകീയ ഭാഷയിൽ വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ എന്നാൽ പരിശോധിച്ച ഒരു ഫയലിലും ജനകീയ എസ്റ്റിമേറ്റ് കാണാൻ

സാധിച്ചില്ല. ഓരോ ഘട്ടത്തിലെയും വിശദവിവരങ്ങൾ എസ്റ്റിമേറ്റ് പ്രതിപാദിച്ചിട്ടുണ്ട് ഇത് പ്രശംസനീയമാണ്.

### സാങ്കേതികാനുമതി പത്രം

ഒരു പ്രവൃത്തിക്ക് സാങ്കേതികവിദഗ്ദ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി രേഖ. പരിശോധിച്ച ഫയലുകളിൽ സാങ്കേതിക അനുമതി ഉണ്ടായിരുന്നുസാങ്കേതിക അനുമതി രേഖയിൽ ഒപ്പിടുന്ന സാങ്കേതിക വിദഗ്ദർ അതിനോടൊപ്പം ഒപ്പിട്ട തീയതി കൂടി ചേർക്കേണ്ടതുണ്ട് അതിനാൽ ഈ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്

### ഭരണനുമതി

പ്രവൃത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി രേഖ ഈ രേഖ എല്ലാ ഫയലുകളിലും സൂക്ഷിക്കേണ്ടതാണ്. ഈ പ്രവൃത്തി ഫയലുകളിൽ ഭരണാനുമതി രേഖ ഉണ്ടായിരുന്നു

### ഡിമാൻഡ് ഫോം

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ് ഫോം. തൊഴിൽ ആവശ്യപെട്ടവർക്ക് 15 ദിവസത്തിനുള്ളിൽ ജോലി നൽകിയോ എന്നറിയുവാൻ സഹായിക്കുന്ന രേഖകൂടിയാണ് ഡിമാൻഡ് ഫോം. പരിശോധിച്ച എല്ലാ ഫയലിലും ഡിമാൻഡ് ഫോം കാണാൻ സാധിച്ചു.

### വർക്ക് അലോക്കേഷൻ ഫോം

പ്രവർത്തി അനുവദിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകുന്ന അനുമതിയാണ് വർക്ക് അ ലോക്കേഷൻഫോം.അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ പ്രവർത്തി ലഭിച്ചു എന്ന് അറിയാൻ സഹായിക്കുന്ന രേഖ കൂടിയാണിത്. പരിശോധിച്ച രണ്ടു ഭവനനിർമ്മാണ ഫയലുകളിൽ അലോക്കേഷൻ ഫോം ഘട്ടം ആയിട്ടാണ് ഉള്ളത് എന്നാൽ ബാക്കിയുള്ള ഫയലുകളിൽ അലോക്കേഷൻ ഫോം കാണാൻ സാധിച്ചില്ല.

### മസ്റ്റർ റോൾ

തൊഴിലാളികളുടെ ഹാജർനില രേഖപ്പെടുത്താൻ ഉള്ള രേഖയാണ് മസ്റ്റർ റോൾ. മസ്റ്റർ റോളുകളിൽ ബി ഡി ഒ., സെക്രട്ടറി എന്നിവർ തീയതി വച്ച് ഒപ്പ്,സീൽ എന്നിവ പതിപ്പിക്കേണ്ടതാണ്.പരിശോധനയിൽ മസ്റ്റർ റോളുകളിൽ വെട്ടി തിരുത്തലുകൾ ഒന്നും തന്നെ കാണാൻ സാധിച്ചില്ല. എന്നാൽ അഴിയൂർ ബ്രാഞ്ച് കനാൽ നവീകരണം, കമ്പോസ്റ്റ് കുഴി&സോക്കേജ് പിറ്റ് നിർമ്മാണം എന്നീ പ്രവർത്തിയുടെ മസ്റ്റർ റോളുകളിൽ മേറ്റ് ഒപ്പുവെച്ചിട്ടില്ല. മസ്റ്റർ റോളുകളിൽ മെഷർമെൻറ് ബുക്ക് നമ്പർ പേജ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല അതുപോലെ അറ്റൻഡൻസ് പ്രകാരം തൊഴിലാളികളുടെ കൂലി രേഖപ്പെടുത്തിയില്ല.

### മെഷർമെന്റ് ബുക്ക്

ഒരു പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടത് എന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയെന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെന്റ് ബുക്ക്.പരിശോധനവിധേയമാക്കിയ പ്രവൃത്തിഫയലിലെ എം-ബുക്കിൽ എസ്റ്റിമേറ്റിൽ പരാമർശിച അളവ്കൾ തന്നെ ആണ് രേഖപെടുത്തിയത്. പ്രവൃത്തി പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലെ തുക പാസാക്കുമ്പോഴും ഒടുവിൽ പ്രവൃത്തി യ്ക്ക് അനുവദിച്ച തുക പ്രകാരമുള്ള ആകെ തുക അനുവദിയ്ക്കുമ്പോഴും മെഷർമെന്റ് ബുക്കിൽ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തി ഒപ്പ് സീല് എന്നിവ പതിപ്പിക്കേണ്ടതാണ്

### വേജ് ലിസ്റ്റ്

പരിശോധിച്ച് ഫയലുകളിൽ ലിസ്റ്റ് കാണാൻ സാധിച്ചില്ല. എന്നാൽ കുളം

നിർമ്മാണത്തിന്റെ ഫയലിൽ വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.

## ഫണ്ട് ട്രാൻസ്ഫർ ഓർഡർ

പരിശോധിച്ച ഫയലുകളിൽ ചാപ്പയിൽ കുളനിർമ്മാണം, അഴിയൂർ ബ്രാഞ്ച് കനാൽ നവീകരണംഎന്നിവയുടെ ഫയലിൽ എഫ് ടി ഒ കാണാൻ സാധിച്ചു. എന്നാൽ ബാക്കിയുള്ള ഫയലുകളിൽ എഫ് ടി ഒ കാണുവാൻ സാധിച്ചില്ല.

## മെറ്റീരിയൽ വൗച്ചർ ആൻഡ് ബിൽ

അഴിയൂർ ബ്രാഞ്ച് കനാൽ നവീകരണം, ചാപ്പയിൽ കുളംനിർമ്മാണം എന്നീ ഫയലുകളിൽ ബോർഡിൻറെ അഡ്വൈടൈസ്മെൻറ് വൗച്ചർ ഫയൽ സൂക്ഷിച്ചിട്ടുണ്ട് എന്നാൽ കമ്പോസ്റ്റ് കുഴി ആൻഡ് സോക്കേജ് പിറ്റ് നിർമ്മാണം, ഭവനനിർമ്മാണം എന്നീ പ്രവർത്തി ഫയലുകളിൽ വൗച്ചർ ആൻഡ് ബില്ല് കാണുവാൻ സാധിച്ചില്ല.

## ഫോട്ടോഗ്രാഫ്

ഒരു പ്രവൃത്തി തുടങ്ങുന്നതിനു മുൻപും, പ്രവൃത്തി നടന്നുകൊണ്ടിരികുമ്പോഴും, പ്രവൃത്തി പൂർത്തിയായതിനുശേഷവുമുള്ള മൂന്ന് ഘട്ടത്തിലുള്ള ഫോട്ടോ പ്രവൃത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പരിശോധിച്ച ഒറ്റ ഫയലുകളിലും ഒരു ഘട്ടത്തിലെയും ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതോടൊപ്പംജിയോ ടാഗ്ഗ്ഡ് ഫോട്ടോ ഗ്രാഫ് ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

## പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവൃത്തി പൂർത്തീകരിച്ചു എന്നതിന്റെ രേഖയാണ് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം. എന്നാൽ പൂർത്തീകരിച്ച ഒരു പ്രവത്തി ഫയലിലും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.

## മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്

ഒരു പ്രവൃത്തിയുടെ ഓരോ ഘട്ടത്തിന്റെയും മസ്റ്റർ റോൾ അനുവദിച്ച് തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തീയതികളിൽ നടന്നു എന്ന് മനസ്സിലാക്കാനാണ് മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്. പരിശോധിച്ച ഫലുകളിൽ മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് ഉണ്ടായിരുന്നു. എന്നാൽ ബന്ധപ്പെട്ട ഉദ്യഗസ്ഥർ ഒപ്പ് വെച്ചിട്ടില്ല.

## സൈറ്റ് ഡയറി

പ്രവൃത്തി സ്ഥലത്തെ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നതിന് വേണ്ടിയുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി. കമ്പോസ്റ്റ് കുഴി ആൻഡ് സോക്കേജ് പിറ്റ് നിർമ്മാണം എന്ന ഫയലിൽ ചെക്ക് ലിസ്റ്റ് രേഖപ്പെടുത്തിയിട്ടില്ല പ്രൊജക്റ്റ് മീറ്റിങ്ങിൽ 29 പേർ പങ്കെടുത്തു. തൊഴിലാളികളുടെ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ പദ്ധതിയുടെ ചിലവായ തുകയും മറ്റും പൂരിപ്പിച്ചിട്ടില്ല.

ചാപ്പയിൽ കുളം നിർമ്മാണം എന്ന ഫയലിൽ ചെക്ക്ലിസ്റ്റ് രേഖപ്പെടുത്തിയിരുന്നു. പ്രൊജക്റ്റ് മീറ്റിംഗിൽ 20 പേർ പങ്കെടുത്തു തൊഴിലാളികളുടെ സാക്ഷ്യപത്രം രേഖപ്പെടുത്തി ഇല്ലായിരുന്നു അതിനോടൊപ്പം പദ്ധതിയുടെ ചെലവായ തുകയും മറ്റും പൂരിപ്പിച്ചിട്ടില്ല.

അഴിയൂർ ബ്രാഞ്ച് കനാൽ നവീകരണത്തിന്റെ ഫയലിൽ ചെക്ക് ലിസ്റ്റ് രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്റ്റ് മീറ്റിംഗിൽ 50 പേർ പങ്കെടുത്തു തൊഴിലാളികളുടെ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ പദ്ധതിയുടെ ചിലവായ തുകയും മറ്റും രേഖപ്പെടുത്തിയിട്ടില്ല.

## റോസ്ഗർ ദിവസം

വാർഷിക മാസ്റ്റർ പ്ലാൻ പ്രകാരം എല്ലാ പഞ്ചായത്തുകളിലും റോസ്ഗർ ദിവസം

ആചരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്, എന്നാൽ ചോറോട് പഞ്ചായത്തിൽ നാളിതുവരെയായി റോസ്ഗർ ദിവസം ആചരിച്ചതായി രേഖകളിലോ തൊഴിലാളികൾക്കോ ഉദ്യോഗസ്ഥർക്കോ അറിവില്ല.

**പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കേണ്ട 7 രജിസ്റ്ററുകൾ**

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭ രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ അനുവദിച്ചതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവൃത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ

7.സാധന രജിസ്റ്റർ

**ഗ്രാമസഭാ രജിസ്റ്റർ**

ഗ്രാമസഭ രജിസ്റ്ററും മറ്റെല്ലാ രജിസ്റ്ററുകളും പോലെ തന്നെ സർട്ടിഫൈ ചെയ്തിട്ടില്ല 2015 -2016 മുതൽ 2017- 2018 വരെയുള്ള ഗ്രാമസഭാ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് ഗ്രാമസഭയുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ ശ്രദ്ധ പുലർത്തിയത് പ്രശംസനീയമാണ്

**തൊഴിൽ കാർഡ് രജിസ്റ്റർ**

തൊഴിൽ കാർഡ് രജിസ്റ്റർ ക്രമനമ്പർ 1234 മുതൽ 1588 വരെ ആറാം വാർഡിൽ 250 തൊഴിൽ കാർഡ് നൽകിയിരുന്നതായി രേഖയിൽ കാണുന്നു. തൊഴിൽ കാർഡ് രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല

**വർക്ക് രജിസ്റ്റർ - പ്രവൃത്തികളുടെ ലിസ്റ്റ്, ചിലവ്, മറ്റ് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ**

വർക്ക് രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതല്ല. രജിസ്റ്ററിൽ ഒരു പ്രവൃത്തി ആരംഭിച്ത്തിന്റെ തീയ്യതി ഉണ്ട് എന്നാൽ പ്രവർത്തി അവസാനിചത്തിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല. വാർഡ് തലത്തിലുള്ള വർക്ക് രജിസ്റ്റർ അല്ല സൂക്ഷിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പ്രവൃത്തികൾക്കും ഒരു വർക്ക് രജിസ്റ്റർ എന്ന നിലയ്ക്കാണ് വർക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. കാലാനുസൃതമായി രജിസ്റ്ററുകൾ പുതുക്കിയിട്ടുണ്ട്. ഇത് പ്രശംസനീയമാണ്.

**സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ**

എല്ലാ വാർഡിലെയും പ്രവൃത്തികകൾ ഒരുമിച്ചാണ് രജിസ്റ്ററിൽ കൊടുത്തിട്ടുള്ളത് ആകെ 84 പ്രവൃത്തികളുടെ വിവരങ്ങളാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പതിവുപോലെ ഈ രജിസ്റ്ററും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്തിട്ടുള്ളതല്ല. വാർഡ് തലത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്നത് കൂടുതൽ നല്ലതായിരിക്കും.

## പരാതി രജിസ്റ്റർ

പരാതി രജിസ്റ്റർ മറ്റ് രജിസ്റ്ററുകൾ പോല തന്നെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സർട്ടിഫൈ ചെയ്തിട്ടില്ലാത്തതാണ്. 2013 മുതൽ 2019 വരയുള്ള കാലയളവിൽ 3 പരാതികൾ രേഖപ്പെടുത്തിയിട്ടുണ്ട്. പരാതി നൽകിയ തീയ്യതി, പരാതികാരന്റെ പേരും വിലാസവും പരാതിയിൽ സ്വീകരിച്ച നടപടി എന്നിവ രേഖ പെടുത്തിയിട്ടുണ്ട്. പരാതി തീർപ്പാക്കിയ ദിവസം രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടില്ല.

## സാധന രജിസ്റ്റർ

മെറ്റീരിയൽ പ്രവർത്തികൾ ചെയ്യാത്തത് കൊണ്ട് ഈ രജിസ്റ്റർ സൂക്ഷിചിട്ടില്ല.

## സിറ്റിൺ ഇൻഫർമേഷൻ ബോർഡ്

ഒരു പ്രവൃത്തി നടത്തിയ സ്ഥലം കൃത്യമായി മനസ്സിലാക്കാനും, പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് അത്യാവശ്യമാണ്. തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 22(4)ലും വാർഷിക മാസ്റ്റർ സർക്കുലർ ചാപ്റ്റർ 10(6), 11, 7, 13 എന്നിവയിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡിനെക്കുറിച്ച് പരാമർശിക്കുന്നു. ഓഡിറ്റിൻറെ ഭാഗമായി നടത്തിയ വർക്കുകളുടെ ഫീൽഡ് പരിശോധനയിൽ IC/214804 അഴിയൂർ ബ്രാഞ്ച് കനാൽ നവീകരണം എന്ന പ്രവർത്തിയുടെ ബോർഡ് പ്രവർത്തി സ്ഥലത്ത് കാണാൻ സാധിച്ചു. IF/ 335257 ചാപ്പയിൽ കുളം നിർമ്മാണത്തിന്റെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി ചെയ്ത സ്ഥലമായ പാറയുള്ള പറമ്പത്ത് ലീലയുടെ പറമ്പിൽ കാണാൻ സാധിച്ചു. RS/293574 കമ്പോസ്റ്റ് കുഴി &സോക്കേജ് പിറ്റ് നിർമ്മാണം എന്ന പ്രവർത്തിയുടെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സോളാർ കുമ്മൽ കുനിയിൽ രജനിയുടെ വീട്ടുപറമ്പിൽ കാണാൻസാധിച്ചു.എന്നാൽ രണ്ട് ഭവനനിർമ്മാണപ്രവർത്തികളുടെയും ബോർഡുകൾ കാണാൻ സാധിച്ചില്ല.

## നിരീക്ഷണ പ്രശ്നപരിഹാര സംവിധാനം

തൊഴിലുറപ്പിന് 10 അവകാശങ്ങളിൽ ഒന്നായി സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം നിലനിൽക്കെത്തന്നെ പരാതികൾ പലവിധത്തിൽ ഉണ്ടെങ്കിലും ഈ അവകാശത്തെക്കുറിച്ച് തൊഴിലാളികൾക്ക് അവബോധം ഇല്ലാത്തതുകൊണ്ടും നാളിതുവരെ ഒരു പരാതിയും പഞ്ചായത്തിൽ രേഖാപരമായി സമർപ്പിച്ചിട്ടില്ല. . സൈറ്റ് സന്ദർശിക്കുന്ന ഉദ്യോഗസ്ഥരുടെ അടുത്ത് പരാതി വാക്കാൽ പറയുക മാത്രമാണ് ചെയ്തിട്ടുള്ളത്.പരാതി പരിഹാരത്തിന് ടോൾഫ്രീ 18004254536 എന്ന നമ്പരിൽ തൊഴിലാളികൾക്ക് ബന്ധപ്പെടാവുന്നതാണ്.

## ഗ്രാമസഭ - ചർച്ച, തീരുമാനങ്ങൾ

ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ വാർഡ് 6 ഒഞ്ചിയം ഒക്ടോബർ 1 2018 മുതൽ മാർച്ച് 31 2019 കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കുന്നതിനായി 21/10/2019 ഒഞ്ചിയം എൽ പി സ്കൂളിൽ വച്ച് സോഷ്യൽ

ഓഡിറ്റ് ഗ്രാമസഭ ചേർന്നു

.**ചർച്ച**

*   തൊഴിൽ സമയം കുറയ്ക്കാനും വേതനം  വർദ്ധിപ്പിക്കൽ

തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ സമയം 9 മുതൽ 5 ആണ്. പഞ്ചായത്തിനോ കേരള സർക്കാരിനോ മാറ്റം വരുത്താൻ സാധിക്കില്ല. യൂണിയൻറെ ഇടപെടലുകളും തീരുമാനങ്ങളും തൊഴിലുറപ്പ് തൊഴിലാളികൾ പാലിക്കേണ്ടതില്ല. എന്നാൽ ഈ നിയമത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചപ്പോൾ നിയമങ്ങൾ പാലിച്ചില്ലെങ്കിൽ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് ബി ആർ പി മുന്നറിയിപ്പ് നൽകി.

*  തണൽ സൗകര്യം ലഭിക്കാത്തതിനെ കാരണം ഓവർസിയർ വ്യക്തമാക്കി എല്ലാ സൈറ്റുകളിലും ഷെൽറ്റർ പ്രായോഗികമല്ല ആവശ്യമായ പ്രവർത്തികളിൽ ചെയ്യാവുന്നതാണ്

*  വേതന ലഭ്യതയിലെ കാലതാമസം

വേതന ലഭ്യതയിലെ കാലതാമസം പഞ്ചായത്തിൻറെ ഭാഗത്തു നിന്നുള്ള വീഴ്ച അല്ലെന്നും എട്ട് ദിവസം കൊണ്ട് നടപടികൾ പൂർത്തിയാക്കാർ ഉണ്ടെന്നും ചർച്ചയ്ക്ക് മറുപടി നൽകി.

* നൂറ് തൊഴിൽദിനം ലഭിക്കുന്നില്ല. തൊഴിലുറപ്പ് ഗ്രാമസഭ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കൽ എന്നിവയിലെ തൊഴിലാളികളുടെ പങ്കാളിത്ത കുറവും വ്യക്തിപരമായ തൊഴിൽ അപേക്ഷകൾ നൽകാത്തതും ആണ് ഒരു പരിധിവരെ തൊഴിൽദിനങ്ങൾ കുറയ്ക്കാനുള്ള കാരണം.

* ആസ്തി  വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തികൾ

നിലവിൽചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തികളോടൊപ്പം 40% ആസ്തി വികസന പ്രവർത്തികൾ കൂടി ചെയ്യേണ്ടതാണ് സോഷ്യൽ ഓഡിറ്റ് ലൂടെ തൊഴിലുറപ്പ് പ്രവർത്തികൾ സുതാര്യം ആകേണ്ടതുണ്ട്

**തീരുമാനങ്ങൾ**

* നൂറ് തൊഴിൽ ദിനങ്ങൾ ലഭിക്കുവാനുംആവർത്തിച്ചുവരുന്ന തൊഴിലുകൾക്ക് പകരം വാർഡിന് ഗുണകരമാവും വിധമുള്ള പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്യാനുള്ള ശ്രമം നടത്താൻ തീരുമാനിച്ചു ഷെൽറ്റർ സൗകര്യം ലഭ്യമാക്കാൻ തീരുമാനിച്ചു.

* തൊഴിൽ വേതനത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കാൻ അപേക്ഷ നൽകാൻ തീരുമാനിച്ചു.

* തൊഴിൽ ആവശ്യപ്പെടുന്നതിനു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനും വേണ്ടി അപേക്ഷ നൽകാൻ തീരുമാനിച്ചു.

* തൊഴിലുറപ്പ് പദ്ധതിയിൽ സ്ഥിരം ചെയ്യാറുള്ള പ്രവർത്തികളിൽ നിന്ന് മാറി ആസ്തി വികസന പ്രവർത്തികൾ ഏറ്റെടുത്തു ചെയ്യാൻ തീരുമാനിച്ചു.

*ഷെൽഫ് പ്രൊജക്റ്റിൽ  തൊഴിലാളികളുടെ പങ്കാളിത്തം കൂട്ടാൻ തീരുമാനിച്ചു.

## നിർഹണ ഉദ്യോഗസ്ഥർക്കായുള്ള നിർദ്ദേശങ്ങൾ

**ബി. ഡി. ഒ.**

- മസ്റ്റർ റോളിൽ ബി ഡി ഓ ഒപ്പും സീലും പതിപ്പിക്കുന്നതിനോടൊപ്പം തീയതി കൂടി ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്
- അക്കൗണ്ടൻറ്, ഡി. ഇ. ഒ . അക്രിഡിറ്റഡ് എൻജിനീയർ, ഓവർസിയർ മേറ്റുമ്മാർ എന്നിവർക്ക് അവരുടെ ചുമതലകളെ കുറിച്ചും ഉത്തരവാദിത്വങ്ങളെ കുറിച്ചും ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുന്ന പ്രവൃത്തികളെ കുറിച്ചും മതിയായ ട്രെയിനിങ് കൊടുക്കുക
- ബി ഡി ഓ കഴിയുന്ന സമയങ്ങളിൽ തൊഴിലാളികളെയും തൊഴിൽ സ്ഥലങ്ങളും സന്ദർശിക്കുന്നത് ഗുണകരമായിരിക്കും

**സെക്രട്ടറി / അസിസ്റ്റൻറ് സെക്രട്ടറി**

- മസ്റ്റർ റോളിൽ ഒപ്പിനും സീലിനും ഒപ്പം തീയതി കൂടി ചേർക്കുവാൻ ശ്രദ്ധിക്കുക
- ഏഴു രജിസ്റ്ററുകൾ, എം. ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തി ആധികാരികത ഉറപ്പു വരുത്തുക
- തൊഴിലാളികളുടെ അവകാശങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് വെക്കുന്നതിനായുള്ള നടപടികൾ ചെയ്യുക
- ചികിത്സാചിലവുകൾ കൃത്യമായി അനുവദിക്കുവാൻ ഉള്ള നടപടികൾ സ്വീകരിക്കുക
- ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സാധിക്കുന്ന വർക്കുകൾക്ക് അനുസൃതമായി ഷെൽഫ് പ്രൊജക്റ്റ് കണ്ടെത്തി വയ്ക്കുക
- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയെ ശക്തിപ്പെടുത്തുക. ആറുമാസത്തിലൊരിക്കൽ പുന:സംഘടിപ്പിക്കുകയും ചെയ്യുക
- തൊഴിലിട സൗകര്യങ്ങൾ ഉറപ്പ് വരുത്തുക
- എ എം. സി അനുസരിച്ചുള്ള ബി.എഫ്.റ്റി, സേവനങ്ങൾ പ്രയോജനപ്പെടുത്തുക. പേജ് 78,16 .1

**നിർവഹണ ഉദ്യോഗസ്ഥർ(**അക്കൗണ്ടൻറ്/ ഡി. ഇ. ഒ . അക്രിഡിറ്റഡ് എൻജിനീയർ, ഓവർസിയർ**)**

- വർക്ക് ഫയലുകളിൽ ആനുവൽ മാസ്റ്റർ സർക്കുലറിൽ പറയുന്ന പ്രകാരമുള്ള 22 ഡോക്യൂമെന്ററസ് ഉണ്ടെന്ന് ഉറപ്പ് വരുത്തി പ്രവൃത്തി ഫയൽ തയ്യാറാക്കുക
- സൈറ്റ് ഡയറി കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനും മേറ്റ് മാർക്ക് നിർദേശം നൽകുക
- മസ്റ്റർ റോൾ തൊഴിലിടങ്ങളിൽ എത്തിച്ചു പ്രോജക്ട് ഇനീഷ്യേറ്റീവ് മീറ്റിംഗ് കൂടി പണി ആരംഭിക്കുന്നതിന് സഹായിക്കുക
- കൃത്യമായ ഇടവേളകളിൽ തൊഴിലിടം സന്ദർശിച്ച ചെയ്ത തൊഴിൽ അളന്ന് എം ബുക്കിൽ രേഖപ്പെടുത്തുക
- ഡിമാൻഡ് അനുസരിച്ച് തൊഴിൽ നൽകുക
- തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക

**മേറ്റ്**

- മസ്റ്റർ റോൾ കൃത്യമായി ഒപ്പ് വെപ്പിക്കുക
- ഹാജരാകാത്തവരുടെ വിവരം അടയാളപ്പെടുത്തുക
- മസ്റ്റർ റോളിൽ തൊഴിൽ ദിനങ്ങളുടെ തീയതി അടയാളപ്പെടുത്തുക
- സൈറ്റ് ഡയറി പൂർണ്ണമായും പൂരിപ്പിക്കുക
- തൊഴിൽ സൈറ്റുകളിൽ വെച്ച് അപകടം നടന്നിട്ടുണ്ടെങ്കിൽ സൈറ്റ് ഡയറിയിൽ എഴുതുകയും നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യുക
- നിശ്ചിത അളവിലും ഗുണനിലവാരത്തിലും ജോലി ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക

വാർഡിൽ നടപ്പിലാക്കാൻ പറ്റുന്ന പ്രവർത്തികൾ

- മത്സ്യ കൃഷി
- തോടുകളുടെ ആഴം കൂട്ടൽ
- മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പട്ടി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണം
- തീറ്റപ്പുൽ കൃഷി
- മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം
- മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (Chaur renovation)
- തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ

## തൊഴിലുറപ്പ്പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ

## I. വിഭാഗം എ : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ

i. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (Undergroud dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;

ii. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ(Terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ ;

iii. സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികളും ;

iv. ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;

v. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും

റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും, (ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്);

vi. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

## II. വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

i. ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് Scheduled Caste, Scheduled Tribe, Nomadic Tribe, De-Notified Tribe, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾ, സ്ത്രീകൾ ഗൃഹനാഥയായ കുടുംബങ്ങൾ, ഭിന്നശേഷിക്കാർ ഗൃഹനാഥരായ കുടുംബം, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾ, വനാവകാശ നിയമപ്രകാരമുള്ള ഗുണഭോക്താക്കൾ, മുകളിൽ പറഞ്ഞിരിക്കുന്ന കുടുംബങ്ങളല്ലാത്ത പക്ഷം, 2008-ലെ കാർഷിക കടാശ്വാസ നിയമ പ്രകാരമുള്ള ചെറുകിട-നാമമാത്ര കർഷകർ, ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (Dugg well), കുളങ്ങൾ (Farm Ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ

ii. പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ഉപജീവനം മെച്ചപ്പെടുത്തൽ;

iii. ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/ പാഴ്ഭൂമി (Fallow or Waste Land) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;

iv. ഇന്ദിര ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം;

v. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പട്ടി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണവും;

vi. മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളമുള്ള പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

## III. വിഭാഗം സി: ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായസംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

i. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post-Harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും;

ii. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക്ഷെഡ്ഡുകളുടെ നിർമ്മാണവും.

## IV. വിഭാഗം ഡി: ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

i. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്ലറ്റുകൾ, അങ്കണവാടി ടോയ്ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;

ii. ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;

iii. കളിസ്ഥലങ്ങളുടെ നിർമ്മാണവും;

iv. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (Chaur renovation), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുന:രുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

v. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്കുതല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും;

vi. ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ-ധാന്യ സംഭരണികളുടെ നിർമ്മാണവും;

vii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;

viii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികളും;

ix. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.